**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.10.2026**

## പ്രധാനവാർത്തകൾ

1.) രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ ഗ്രാമീണ വനിതകളുടെ സജീവ പങ്കാളിത്തം നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ സരസ് മേള രാഷ്ട്രപതി വിജയവാഡയിൽ ഉദ്ഘാടനം ചെയ്തു.

2.) ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. നവരാത്രി സർഗ്ഗോത്സവം സാംസ്കാരിക സമ്മേളനത്തിൻറെ ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കും.

3.) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തി സംസ്ഥാന മന്ത്രിസഭായോഗം.

4.) കിഫ്ബിയുടെ പ്രവർത്തനങ്ങളിൽ സമഗ്ര പുനഃസംഘടന നിർദ്ദേശിക്കുന്ന വിദഗ്ധ സമിതി റിപ്പോർട്ട് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ വച്ചു. ഭരണഘടനാ വിരുദ്ധമായാണ് കിഫ്ബി പ്രവർത്തിച്ചതെന്ന് മുഖ്യമന്ത്രി.

5.) വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമുള്ള പ്രത്യേക യജ്ഞത്തിന് സംസ്ഥാനത്ത് ഇന്ന് തുടക്കമായി

RNU TVPM

6.) കേരളത്തിൽ ഇന്ന് തുലാവർഷമെത്തി. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

*********************

<u>രാഷ്ട്രപതി</u>

രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ ഗ്രാമീണ വനിതകളുടെ സജീവ പങ്കാളിത്തം നിർണായകമായതിനാൽ, സാമ്പത്തികമായി അവരെ കൂടുതൽ ശാക്തീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു . ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ ദേശീയ സരസ് മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി .സ്വയംസഹായ സംഘങ്ങൾ സ്ത്രീകളെ സ്വയംപര്യാപ്തരാക്കുന്നതിലൂടെ, ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് നിർണായക സംഭാവനകളാണ് നൽകുന്നതെന്നും രാഷ്ട്രപതി പറഞ്ഞു.

*********************

<u>ഉപരാഷ്ട്രപതി</u>

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ കോഴിക്കോട് സന്ദർശിക്കും. കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ വൈകിട്ട് 4 മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ ഉച്ചയ്ക്കുശേഷം ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

*********************

RNU TVPM

## മുഖ്യമന്ത്രി -ദുരിതാശ്വാസ നിധി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷത്തിൽ നിന്നും, 3 ലക്ഷം രൂപയാക്കി ഉയർത്തി സംസ്ഥാന മന്ത്രിസഭായോഗം. ധനസഹായം അനുവദിക്കുന്നതിലെ മുഖ്യമന്ത്രിയുടെയും, റവന്യൂ മന്ത്രിയുടെയും ഉൾപ്പെടെയുള്ള അധികാര പരിധിയും വർദ്ധിപ്പിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അടിയന്തര സാഹചര്യം നേരിടാൻ ജില്ലാ കളക്ടർമാർക്ക് ഒരു കോടി രൂപ വീതം UNTIED ഫണ്ട് അനുവദിക്കാനും തീരുമാനമായി. ഡേറ്റാ പങ്കിടൽ പ്രോത്സാഹനം ലക്ഷ്യമിട്ട് കേരള ഡേറ്റാ പോളിസി 2026 ൻറെ കരടിനും മന്ത്രിസഭ അംഗീകാരം നൽകി. സംസ്ഥാനത്തെ 56 അതിവേഗ, പ്രത്യേക കോടതികളുടെ കാലാവധി ദീർഘിപ്പിക്കാനും തീരുമാനമായി.

*********************

## കിഫ്ബി(ഇൻട്രോ)

കിഫ്ബിയുടെ പ്രവർത്തനങ്ങളിൽ സമഗ്ര പുനഃസംഘടന നിർദ്ദേശിക്കുന്ന വിദഗ്ധ സമിതി റിപ്പോർട്ട് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ വച്ചു. കിഫ്ബി ഈ രീതിയിൽ തുടരേണ്ടതില്ലെന്നാണ് സമിതിയുടെ ശുപാർശ.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

*********************

## മുഖ്യമന്ത്രി വിഡി സതീശൻ (INTRO)

സർക്കാരിന്റെയും ധനവകുപ്പിന്റെയും നിയന്ത്രണം മറികടന്ന് വൻ സാമ്പത്തിക ബാധ്യത വരുത്തിവച്ചാണ് കിഫ്ബി പ്രവർത്തിച്ചതെന്ന് മുഖ്യമന്ത്രി വിഡി സതീശൻ .

RNU TVPM

ഭരണഘടനാവ്യവസ്ഥകൾക്ക് വിരുദ്ധമായാണ് കിഫ്ബി പ്രവർത്തിച്ചതെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോടു പറഞ്ഞു .
(വോയ്സ് ബൈറ്റ്)

*********************

## പ്രതിപക്ഷ വാക്ക് ഔട്ട്

ഇടുക്കിയിൽ വന്യജീവി ആക്രമണം തടയാൻ ജനങ്ങൾ കെട്ടിയ സംരക്ഷണ വേലി വനംവകുപ്പ് പൊളിച്ചു നീക്കിയത് സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച്, നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്. പന്തടിക്കളം, ശാന്തൻപാറ, ചിന്നക്കനാൽ എന്നിവിടങ്ങളിലെ വേലി പൊളിച്ചു മാറ്റിയതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടെന്ന് പ്രമേയത്തിന് നോട്ടീസ് നൽകിയ പ്രതിപക്ഷ എംഎൽഎ കെ യു ജനീഷ് കുമാർ വ്യക്തമാക്കി. എന്നാൽ അനധികൃതമായി നിർമിച്ച സോളാർ വേലി നീക്കം ചെയ്യാൻ ഇടുക്കി ജില്ലാ കളക്ടർ ഉത്തരവിടുകയായിരുന്നുവെന്ന് വനംമന്ത്രി ഷിബു ബേബി ജോൺ അറിയിച്ചു.

RNU TVPM

*********************

## വോട്ടർപട്ടിക

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് ഇന്ന് മുതൽ ഈ മാസം 31 വരെ നീളുന്ന പ്രത്യേക യജ്ഞത്തിന് തുടക്കമായി. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിച്ചിട്ടുണ്ട്. പുതിയ വോട്ടർമാരെയും, വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെയും, പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായാണ് പ്രചാരണ യജ്ഞം സംഘടിപ്പിക്കുന്നത്.

*********************

## ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തി യാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പാക്കിയ ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ പദ്ധതിയെ കുറിച്ചാണ്, 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പര യിൽ ഇന്ന്. പെൺകുട്ടികളുടെ സുരക്ഷയും വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിനും തുല്യ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഭ്രൂണഹത്യ തടയുന്നതിനുമായാണ് 2015-ൽ കേന്ദ്രസർക്കാർ 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' പദ്ധതിക്ക് തുടക്കം കുറിച്ചത്. പെൺകുട്ടികളുടെ അതിജീവനം, സുരക്ഷ, വിദ്യാഭ്യാസം, സമഗ്ര വികസനം എന്നിവയിലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

*********************

## മന്ത്രി കെ എ തുളസി

ജാതിവിവേചനങ്ങളും അനാചാരങ്ങളും ഉച്ചനീചത്വങ്ങളും ഇല്ലാതാക്കാൻ പൊതുസമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മന്ത്രി കെ എ തുളസി. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല സമാപനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി .

PRD TVPM

*********************

## ശബരിമല-ഇടുക്കി യോഗം

തുലാമാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ വൈകിട്ട് അഞ്ചുമണിക്ക് തുറക്കും. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് തുലാം ഒന്നായ ഞായറാഴ്ച രാവിലെ 7.30 ന് നടക്കും. മാസ പൂജകൾ പൂർത്തിയാക്കി ഒക്ടോബർ 22നാണ് നട അടയ്ക്കുക.

*********************

## sകണ്ണൂർ-പയ്യമ്പലം (ഇൻട്രോ)

കണ്ണൂർ നഗരത്തിനോട് ചേർന്ന് കിടക്കുന്ന പ്രധാന വിനോദസഞ്ചാര കേന്ദ്രമായ പയ്യാമ്പലത്തെ നിർബന്ധിത മാലിന്യ വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചു.
*കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.*
(വോയ്സ്)

*********************

## കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അറുപതാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നാളെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തിരുവനന്തപുരത്തു നിർവഹിക്കും. കാഴ്ചപരിമിതിയുള്ള നിർധന വനിതകൾക്ക് ബ്രയിൽ വാച്ചുകൾ അദ്ദേഹം വിതരണം ചെയ്യും. കാഴ്ചപരിമിതർക്കായുള്ള വെളുത്ത വടി ബാങ്കിൻറെ ഉദ്ഘാടനം മന്ത്രി പിസി വിഷ്ണുനാഥ് നിർവഹിക്കും . സൗജന്യ നേത്ര പരിശോധനാ ക്യാമ്പും ഇതോടനുബന്ധിച്ച് നടക്കും.

RNU TVPM

*********************

## മഴ-കേരളം

കേരളത്തിൽ തുലാവർഷം ആരംഭിച്ചതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. തമിഴ്നാട്, തീരദേശ ആന്ധ്ര, തെക്കൻ കർണാടക, പുതുച്ചേരി മേഖലകളിലും ഇന്ന് തുലാവർഷമെത്തി. കാലവർഷം രാജ്യത്തു നിന്നും പൂർണമായി പിൻവാങ്ങി. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ സംസ്ഥാനത്തെ 14 ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

*********************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ വൻ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 1,534 പോയിൻറും, നിഫ്റ്റി 375 പോയിൻറും ഉയർന്നാണ് വ്യാപാരം പൂർത്തിയാക്കിയത്.

സ്വർണ വില കുറഞ്ഞു. പവന് 600 രൂപ താഴ്ന്ന്, ഒരു ലക്ഷത്തി 8,120 രൂപയും,ഗ്രാമിന് 13,515 രൂപയുമാണ് ഇന്നത്തെ വില.

*********************

## അവധി റദ്ദാക്കി

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ അൽപശി ഉൽസവത്തോടനുബന്ധിച്ചുള്ള ആറാട്ടുമായി ബന്ധപ്പെട്ട് നഗരപരിധിയിലെ സർക്കാർ ഓഫീസുകൾക്ക് നാളെ ഉച്ചക്ക് മൂന്നു മണിക്കുശേഷം പ്രഖ്യാപിച്ചിട്ടുള്ള അവധി റദ്ദാക്കി. അൽപശി ഉൽസവത്തോടനുബന്ധിച്ചുള്ള ആറാട്ട് ഈ മാസം 20 നാണ്.

*********************

***********

***

RNU TVPM